I/78663/2023

**<u>വിവരാവകാശം/മറുപടി</u>**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :31-01-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ദിജോയ്.കെ.ബി
കളവമ്പാറ ഹൗസ്
തിലാന്നൂർ,
താഴെചൊവ്വ.പി.ഒ
കണ്ണൂർ- 670018

സർ,

വിഷയം:- സാമൂഹ്യനീതിവകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 07/01/2023 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

ചോദ്യം 1) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആർഡിഒ കളിൽ കരാർ വ്യവസ്ഥയിൽ നിയമിതരായ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വേതനത്തോടുകൂടി പ്രസവാവധിക്ക് അർഹതയുണ്ടോ? ഉണ്ടെങ്കിൽ എത്രകാലം?

വകുപ്പിന് കീഴിൽ ആർഡിഒകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 180 ദിവസത്തേയ്ക്കോ, കരാർ അവസാനിക്കുന്ന തീയതി വരെയോ കെ.എസ്.ആർ ഭാഗം (1) ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ലഭിക്കുന്നതിന് അർഹതയുണ്ട്.

ചോദ്യം 2) ഇത്തരത്തിൽ നിലവിൽ എത്ര ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പ്രസവാവധി അനുവദിച്ചിട്ടുണ്ട് ? ഉണ്ടെങ്കിൽ പ്രസവാവധി അനുവദിച്ച ഉത്തരവിന്റെ പകർപ്പ്. ഏതൊക്കെ കാലയളവിൽ ?

2019 മുതൽ 2023 വരെയുള്ള കാലയളവിൽ ആകെ 5 ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പ്രസവാവധി അനുവദിച്ചിട്ടുണ്ട്. ഉത്തരവ് പകർപ്പ് ലഭിക്കുന്നതിനായി പേജ് ഒന്നിന് 3 രൂപ പ്രകാരം 21 രൂപ ചെല്ലാൻ അടച്ച് ഹാജരാക്കിയാൽ പകർപ്പ് ലഭ്യമാക്കുന്നതാണ്. പ്രസവാവധി അനുവധിച്ചവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജോലി ചെയ്യുന്ന സ്ഥാപനം | പ്രസവാവധിയിൽ പ്രവേശിച്ച കാലയളവ് |
|---|---|---|---|
| 1. | ശ്രിനു.വി | RD ഓഫീസ് മാനന്തവാടി | 11/01/2019 to 28/04/2020 |

I/78663/2023

| | | | |
|---|---|---|---|
| 2. | ഇന്ദു | RD ഓഫീസ് കോഴിക്കോട് | 01/02/2020 to 29/07/2020 |
| 3. | വിജയശ്രീ എം എം | RD ഓഫീസ് ഫോർട്ട് കൊച്ചി | 01/03/2021 to 31/08/2021 |
| 4. | അശ്വതി .എസ്.എസ് | RD ഓഫീസ് നെടുമങ്ങാട് | 05/05/2022 to 30/10/2022 |
| 5. | താര കെ | RD ഓഫീസ് തിരൂർ | 27/09/2022 to till continue |

ചോദ്യം 3) ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന ടെക്നിക്കൽ അസിസ്റ്റൻമാർരുടെ കാലാവധി തീരുന്ന അവസരത്തിൽ പ്രസവാവധി Extend ചെയ്ത് കൊടുക്കുവാൻ സാധിക്കുമോ ?

**കെ എസ് ആർ ഭാഗം(1) ചട്ടം 100 പ്രകാരം** പ്രസവം നടക്കാനിടായുള്ള ദിവസത്തിനു 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അവധി അനുവദനീയമാണെന്ന വ്യവസ്ഥയിൽ, **180 ദിവസത്തേക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്ന് വരെ** പൂർണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. മേൽ സാഹചര്യത്തിൽ കരാർ കാലയളവ് അവസാനിക്കുന്ന ഒരു വ്യക്തിയുടെ പ്രസവാവധി, ദീർഘിപ്പിച്ച് നൽകുന്നതല്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജി.അജയകുമാർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ 5th Floor,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

ശ്രീ.ഹരികുമാരൻ നായർ.എ.കെ
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ഉള്ളടക്കം:-

പ്രസവാവധി അനുവദിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ്

പകർപ്പ്:-

സൂപ്രണ്ട്, ജി സെക്ഷൻ